കേരളാ സർവകലാശാലയിൽനിന്ന് നിയമത്തിൽ പിഎച്ച്ഡി നേടിയ ജി നിഖിൽ. വട്ടിയൂർക്കാവ് കുരുവിക്കാട് ധനുസിൽ പ്രൊഫ. എ ഗോപിക്കുട്ടന്റെയും ബി ഉഷാകുമാരിയുടെയും മകനും ചെന്നൈ വിഐടി സർവകലാശാലയിൽ അസി. പ്രൊഫസറുമാണ്

യുവധാര ജില്ലാ ലിറ്ററേച്ചർ ഫെസ്റ്റിൽ കഥാ രചനയിൽ ഒന്നാം സ്ഥാനം നേടിയ ആർദ്ര കൈമൾ (പാരിപ്പള്ളി ഗവ. മെഡിക്കൽ കോളേജ്). വാഴോട്ടുകോണം കൊടുങ്ങാനൂർ ദീപു നഗറിൽ വടശേരി മണ്ണിൽ അജയ് കുറുപ്പ് – അനില ദമ്പതികളുടെ മകളാണ്

കേരള സർവകലാശാലാ കലോത്സവത്തിൽ വിൻഡ് ഇൻസ്ട്രുമെന്റ് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ എം എസ് നീമ (രണ്ടാംവർഷ എംഎസ്സി ബോട്ടണി, വഴുതക്കാട് ഗവ. വനിതാ കോളേജ്)

കേരള സർവകലാശാല യുവജനോത്സവത്തിൽ ആൺകുട്ടികളുടെ വിഭാഗം മാപ്പിളപ്പാട്ടിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ടി എൻ അതുൽ (യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം)

ചുമട്ടുതൊഴിലാളി പെൻഷൻകാർക്ക് മസ്റ്ററിങ്

തിരുവനന്തപുരം

ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് സ്കാറ്റേഡ് വിഭാഗം പെൻഷൻകാരുടെ മസ്റ്ററിങ് ജൂൺ 30 വരെ നടത്താം. പുതുതായി പെൻഷന് അർഹതയുള്ളവർക്കും മസ്റ്ററിങ് നടത്താം. അക്ഷയ കേന്ദ്രങ്ങളിൽ ബയോമെട്രിക് മസ്റ്ററിങ് സൗകര്യമുണ്ട്.

കരാട്ടെ ടൂർണമെന്റ് 13നും 14നും

തിരുവനന്തപുരം

ഫിറ്റ് ഇന്ത്യയുടെ ഭാഗമായി സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയും നെഹ്റു യുവകേന്ദ്രയും ചേർന്ന് ശനി, ഞായർ ദിവസങ്ങളിൽ കാര്യവട്ടം എൽഎൻസിപിയിൽ നാഷണൽ ഫുൾ കോണ്ടാക്ട് കരാട്ടെ ടൂർണമെന്റ് നടത്തും. ശനി രാവിലെ ഒമ്പതിന് മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യും. ഞായറാഴ്ച നടക്കുന്ന കുമിത്തെ (ഫൈറ്റ്) മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്യും. വിവിധ സംസ്ഥാനങ്ങളിൽനിന്നായി അഞ്ഞൂറിലധികം പേർ പങ്കെടുക്കും. വാർത്താസമ്മേളനത്തിൽ എഫ്കെഒ ചെയർമാൻ മുഹമ്മദ് നിസാം, അജിത്, ശരത് ചന്ദ്രകുമാർ എന്നിവർ പങ്കെടുത്തു.

എകെടിഎംഎ ജില്ലാ സമ്മേളനം

തിരുവനന്തപുരം

ഓൾ കേരള ട്യൂട്ടോറിയൽ മാനേജ്മെന്റ് അസോസിയേഷൻ (എകെടിഎംഎ) ജില്ലാ സമ്മേളനം സംസ്ഥാന പ്രസിഡന്റ് പ്രമോദ് പ്രഭാകർ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് രജിത് നവോദയ അധ്യക്ഷനായി. സർട്ടിഫിക്കറ്റ് വിതരണം സംസ്ഥാന ജനറൽ സെക്രട്ടറി അരുൺകുമാർ കാട്ടാക്കട നിർവഹിച്ചു. ഭാരവാഹികൾ: സി എസ് അനിഷ്കുമാർ(ജില്ലാ സെക്രട്ടറി), പൂവത്തൂർ സജി (പ്രസിഡന്റ്), സുരേഷ് (ട്രഷറർ).

പൂവത്തൂർ സജി (പ്രസിഡന്റ്)

സി എസ് അനിഷ് കുമാർ(സെക്രട്ടറി)

■ 2016ൽ 20,000. നിലവിൽ 8679

നഗരത്തിലെ തെരുവുനായ്ക്കളുടെ എണ്ണം കുറഞ്ഞു

സ്വന്തം ലേഖിക

തിരുവനന്തപുരം

കോർപറേഷൻ പരിധിയിലെ തെരുവുനായ്ക്കളുടെ എണ്ണം ഗണ്യമായി കുറയ്ക്കാനായതായി സർവേ. നിലവിൽ നഗരത്തിൽ 8679 തെരുവുനായ്ക്കളാണുള്ളത്. 2016ൽ ഇത് ഏകദേശം ഇരുപതിനായിരത്തോളമായിരുന്നു. കോർപ്പറേഷന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും നേതൃത്വത്തിൽ നടത്തിയ വന്ധ്യകരണ ഡ്രൈവുകളടക്കമുള്ള പ്രവർത്തനത്തിലൂടെയാണ് എണ്ണം കുറയ്ക്കാനായത്. നായപരിപാലന സംഘടനയായ കാവായുടെ സഹായത്തോടെ കോർപറേഷൻ ആരോഗ്യ സ്ഥിരം സമിതി നടത്തിയ സർവേയിലാണ് കണ്ടെത്തൽ. നായ്ക്കളിൽ 46 ശതമാനത്തിനും വാക്സിനേഷൻ നൽകിയിട്ടുണ്ട്.

തെരുവുനായ ശല്യത്തെതുടർന്നുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ജനനനിയന്ത്രണമടക്കം നടത്തുന്നതിനാണ് സർവേ നടത്തിയത്.

ജനുവരി 15 മുതൽ ഫെബ്രുവരി 21 വരെ കോർപറേഷനിലെ 100 വാർഡിനെ 10 സോണായി തിരിച്ചായിരുന്നു സർവേ. 90 ശതമാനവും മൂന്നുമാസവും അതിൽ താഴെയുമുള്ള നായക്കുട്ടികളാണ്. ബാക്കിയുള്ള 60 ശതമാനം ആൺപട്ടികളും 40 ശതമാനം പെൺപട്ടികളുമാണ്. 96 ശതമാനവും പൂർണ ആരോഗ്യമുള്ളവയാണെന്നും 74 ശതമാനത്തിന് യാതൊരു ത്വക്ക് രോഗങ്ങളും ഇല്ലെന്നുമാണ് കണ്ടെത്തൽ.

ഏഴുവർഷത്തിനുള്ളിൽ പട്ടികളുടെ എണ്ണത്തിൽ നിയന്ത്രണമേർപ്പെടുത്താനാണ് കോർപറേഷന്റെ തീരുമാനം. ഇതിന്റെ ആദ്യപടിയായി രണ്ടുവർഷത്തിൽ 90 ശതമാനത്തോളം പട്ടികളെയും വന്ധീകരിക്കും.

തുടർന്നുള്ള അഞ്ചുവർഷത്തിൽ ബാക്കി പൂർത്തിയാക്കും. ജൂൺ മുതൽ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തുമെന്ന് കാവാ ഭാരവാഹി പ്രിൻസ് അറിയിച്ചു.

2026ൽ നഗരം പേവിഷമുക്തം

നഗരത്തെ 2026ൽ പേവിഷ വിമുക്ത നഗരമാക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ ആദ്യപടിയാണ് സർവേ. അധുനിക സംവിധാനങ്ങളുള്ള എബിസി സെന്റർ തിരുവല്ലത്ത് ആരംഭിക്കും. വണ്ടിത്താനത്തുള്ള സെന്റർ നവീകരിക്കും.

■ നഗരവികസന കരട് മാസ്റ്റർപ്ലാനിന് സർക്കാർ അംഗീകാരം

തിളങ്ങും തിരുവനന്തപുരം

■ എട്ട് പുതിയ പാലം, 10 ഫ്ലൈഓവർ, 11 പാലത്തിന്റെ വികസനം തുടങ്ങിയവ കരടിലുണ്ട്

തിരുവനന്തപുരം

നഗര വികസനത്തിന് വേഗം പകരാനുള്ള നിർദേശങ്ങളടങ്ങിയ കരട് മാസ്റ്റർപ്ലാൻ സർക്കാർ അംഗീകരിച്ചു. എട്ട് പുതിയ പാലം, 10 ഫ്ലൈഓവർ, 11 പാലത്തിന്റെ വികസനം തുടങ്ങിയവ കരടിലുണ്ട്. ഒക്ടോബറിൽ കോർപറേഷൻ കൗൺസിൽ മാസ്റ്റർപ്ലാൻ അംഗീകരിച്ച് സർക്കാരിന് സമർപ്പിച്ചിരുന്നു. ജ്യോഗ്രഫിക്ക് ഇൻഫർമേഷൻ സിസ്റ്റം (ജിഐഎസ്) മാപ്പിങ് സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് പ്ലാനിനായുള്ള സർവേ പൂർത്തിയാക്കിയത്. എൻഎസ്എസ് വളന്റിയർമാരാണ് സാമൂഹിക, സാമ്പത്തിക സർവേ നടത്തിയത്. കോർപറേഷൻ വൈബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന മാസ്റ്റർപ്ലാൻ ജനങ്ങളുടെ നിർദേശംകൂടി പരിഗണിച്ചശേഷം അടുത്ത കൗൺസിലിൽ അംഗീകാരം നൽകും. 60 ദിവസം പരാതി നൽകുവാൻ ജനങ്ങൾക്ക് അവസരമുണ്ട്. തുടർന്ന് ഭേദഗതിയോടെ വീണ്ടും സർക്കാരിന് സമർപ്പിച്ച് അംഗീകാരം നേടിയശേഷമാകും മാസ്റ്റർപ്ലാൻ നിലവിൽവരിക.

■ **ഫ്ലൈഓവറുകൾ**

കഴക്കൂട്ടം, ശ്രീകാര്യം, ഉള്ളൂർ, പട്ടം, തമ്പാനൂർ, പേരൂർക്കട, സ്റ്റേഷൻ കടവ്, കൊച്ചുവേളി എന്നിവിടങ്ങളിൽ

■ **പാലങ്ങൾ**

കുലശേഖരം പേയാട് പള്ളിമുക്ക് പാലം, ഓൾ സെയിന്റ്സ് ജങ്ഷൻ ചാക്ക റോഡ് പാലം, പനത്തുറ ഇടയാർ പാലം, പാറയിൽക്കടവ് പാലം

■ **ടൂറിസം മേഖല**

എടയാർ മുതൽ കോവളം വരെ

■ **പൈതൃക പരിസര സോൺ,**

കിഴക്കേകോട്ട, കവടിയാർ കൊട്ടാരം

■ ഇവിടെയുണ്ട് ഒരുമയുടെ കേരള സ്റ്റോറി

സർവ്വരും സോദരത്വേന വാഴുന്നിടം

എ എസ് ശരത്

വിതുര

- ജമാ അത്തിനും ക്ഷേത്രത്തിനും ഒരു കമാനം
- ക്ഷേത്രകമ്മിറ്റിയിൽ ഇസ്ലാംമത വിശ്വാസികളും അംഗങ്ങൾ
- ഇഫ്താർ ഒരുക്കുന്നത് ക്ഷേത്ര കമ്മിറ്റിയുടെ നേതൃത്വത്തിൽ

പാലോടിനടുത്തുള്ള ഇലവുപാലം ഇന്ന് സാമൂഹ മാധ്യമങ്ങളിൽ ട്രെൻഡിങ്ങാണ്. മതസൗഹാർദത്തിന്റെ കേരള സ്റ്റോറി എന്താണെന്ന് വർഷങ്ങൾക്കുമുമ്പേ ലോകത്തെ പഠിപ്പിച്ച നാടാണിത്. നാട്ടിലെ ദാറുൽ ഇസ്ലാം ജമാ അത്തിനും കല്ലുമല തമ്പുരാൻ ദേവീക്ഷേത്രത്തിനും ഒരു കമാനമാണ്. ക്രൈസ്തവർക്കായി കമാനത്തിൽ കുരിശും ആലേഖനം ചെയ്തിട്ടുണ്ട്. ഒപ്പമുള്ള സ്വാഗതവാചകം ഇങ്ങനെ– "ജാതിമത ഭേദമന്യേ ഏവർക്കും സ്വാഗതം".

പുതിയ കാലഘട്ടത്തിൽ 'ലൈക്ക്' കിട്ടാനുള്ള തന്ത്രമൊന്നുമല്ല ഇത്, പതിറ്റാണ്ടുകൾ പഴക്കമുണ്ട് ഈ മതസൗഹാർദ നിലപാടിന്. ഇരുപത് വർഷം മുമ്പാണ് കമാനം സ്ഥാപിക്കുന്നതിനെപ്പറ്റി ഇരു കമ്മിറ്റികളിലും ചർച്ചയുണ്ടാകുന്നത്. എങ്കിൽ ഒരുമിച്ചൊരു കമാനം നിർമിക്കാമെന്ന് അന്നത്തെ ഭാരവാഹികളും വിശ്വാസികളും ചേർന്ന് തീരുമാനിച്ചു. തുടർന്ന് നാട്ടുകാരിൽ നിന്നുതന്നെ ധനസമാഹരണം നടത്തി നിർമാണം പൂർത്തിയാക്കി. പള്ളിയുടെയും ക്ഷേത്രത്തിന്റെയും പേരുകൾ തുല്യമായി ആലേഖനം ചെയ്തു.

രണ്ട് ആരാധനാലയങ്ങളും തമ്മിലുള്ള ഐക്യവും മാതൃകയാണ്. ക്ഷേത്രത്തിലെ ഭരണസമിതിയിൽ ഇസ്ലാംമതവിശ്വാസികളും അംഗങ്ങളാണ്. നബിദിനത്തിൽ ഘോഷയാത്രയ്ക്ക് നേതൃത്വം നൽകുന്നതും നോമ്പുകാലത്ത് ഇഫ്താർ ഒരുക്കുന്നതും ക്ഷേത്ര കമ്മിറ്റിയുടെ നേതൃത്വത്തിലുമാണ്.

ഇലവുപാലം ഗ്രാമത്തിൽ പള്ളിയുടെയും ക്ഷേത്രത്തിന്റെയും കമാനം

തിരുവനന്തപുരം– ചെങ്കോട്ട റോഡിൽ പാലോടിനും മടത്തറയ്ക്കും ഇടയിലാണ് ഇലവുപാലം. ജങ്ഷനിൽനിന്ന് പള്ളിയിലേക്കും ക്ഷേത്രത്തിലേക്കും തിരിയുന്ന റോഡിലാണ് കമാനം.

'പൂവച്ചൽ ഖാദറിന്റെ കവിതകൾ' പ്രകാശിപ്പിച്ചു

തിരുവനന്തപുരം

'പൂവച്ചൽ ഖാദറിന്റെ കവിതകൾ' പുസ്തകം ഗാനരചയിതാവ് ശ്രീകുമാരൻ തമ്പി പൂവച്ചൽ ഖാദറിന്റെ ഭാര്യ അമീന ബീവിക്ക് നൽകി പ്രകാശിപ്പിച്ചു. പൂവച്ചൽ ഖാദർ സാംസ്കാരിക സമിതിയുടെ നേതൃത്വത്തിലാണ് കവിതകൾ ശേഖരിച്ച് പുസ്തകമാക്കിയത്. സാംസ്കാരിക സമിതി ജനറൽ കൺവീനർ ജോർജ് തോമസ് അധ്യക്ഷനായി. കവി ഗിരീഷ് പുലിയൂർ, ഗായിക സരിത, സലിം, പൂവച്ചൽ ഖാദറിന്റെ മക്കളായ തുഷാര, പ്രസൂന എന്നിവർ പങ്കെടുത്തു.

മെട്രോ റെയിൽ: സംഘടനകൾ കത്തയച്ചു

തിരുവനന്തപുരം

നിർദിഷ്ട മെട്രോ പദ്ധതിയുടെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പ് വ്യാപാര സംഘടനകൾ ഉൾപ്പെടെയുള്ളവരുമായി കൂടിയാലോചനാ യോഗം വിളിക്കണമെന്ന് വിവിധ സംഘടനകൾ ആവശ്യപ്പെട്ടു. അർബൻ മാസ് ട്രാൻസിറ്റ് കമ്പനിക്ക് (യുഎംടിസി) ഇതിനു നിർദേശം നൽകണമെന്നാവശ്യപ്പെട്ട് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് സംഘടനകൾ കത്തയച്ചു. ട്രിവാൻഡ്രം ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി, ട്രിവാൻഡ്രം അജണ്ട ടാസ്ക് ഫോഴ്സ് (ടിഎടിഎഫ്), എവേക്ക് ട്രിവാൻഡ്രം എന്നി സംഘടനകളാണ് കത്തയച്ചത്.

'പൂവച്ചൽ ഖാദറിന്റെ കവിതകൾ' ശ്രീകുമാരൻ തമ്പി പൂവച്ചൽ ഖാദറിന്റെ ഭാര്യ അമീന ബീവിക്ക് നൽകി പ്രകാശിപ്പിക്കുന്നു

ഓണറേറിയം മടക്കിനൽകണം

തിരുവനന്തപുരം

അങ്കണവാടി ആയയിൽനിന്ന് പിടിച്ചെടുത്ത ഓണറേറിയം മടക്കിനൽകാൻ മനുഷ്യാവകാശ കമീഷൻ ഉത്തരവ്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന് കമീഷൻ അധ്യക്ഷൻ ജസ്റ്റിസ് ആന്റണി ഡൊമിനിക് കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദേശം നൽകി. ആലംകോട് മേവർക്കൽ ഇളംചേരി പുത്തൻവീട്ടിൽ സരസ്വതിയിൽനിന്ന് പിടിച്ചെടുത്ത തുക മടക്കിനൽകാനാണ് ഉത്തരവ്.

തിരുവനന്തപുരം കരവാരം പഞ്ചായത്തിലെ കൈരളി അങ്കണവാടിയിലെ ആയയായിരുന്നു പരാതിക്കാരി. കിളിമാനൂർ ഐസിഡിഎസിൽ നിന്ന് 2016 ഏപ്രിൽ 30ന് പരാതിക്കാരി വിരമിക്കേണ്ടിയിരുന്നു. എന്നാൽ 2019 ഏപ്രിൽ 30വരെ സർവീസിൽ തുടർന്നു. 62 വയസ്സ് കഴിഞ്ഞിട്ടും സേവനത്തിൽ തുടരുകയും ഓണറേറിയം കൈപ്പറ്റുകയും ചെയ്തതായി റിപ്പോർട്ടിൽ പറയുന്നു.

എന്നാൽ പരാതിക്കാരി സ്കൂൾ വിദ്യാഭ്യാസം നേടിയിട്ടില്ലെന്നും ജനന സർട്ടിഫിക്കറ്റില്ലെന്നും കമീഷൻ ഉത്തരവിൽ പറഞ്ഞു. ഡോക്ടർ എഴുതി നൽകിയ സർട്ടിഫിക്കറ്റ് മാത്രമാണ് പ്രായം തെളിയിക്കാനുള്ളത്. ഇതനുസരിച്ച് 2019 മെയ് 20ന് മാത്രമേ തനിക്ക് 61 വയസ്സ് പൂർത്തിയാകുവെന്ന് പരാതിക്കാരിയും അറിയിച്ചു. ഈ സാഹചര്യത്തിലാണ് പിടിച്ചെടുത്ത ഓണറേറിയം തിരികെ നൽകാൻ ഉത്തരവായത്.

ബിജെപി വനിതാ നേതാവും ബന്ധുക്കളും ചേർന്ന് യുവാവിനെ വെട്ടിപ്പരിക്കേൽപ്പിച്ചു

നേമം

കല്ലിയൂർ പഞ്ചായത്തിലെ ബിജെപി വനിതാ വാർഡ് അംഗവും ബന്ധുക്കളും ചേർന്ന് അയൽവാസിയെ വെട്ടിപരിക്കേൽപ്പിച്ചു. കല്ലിയൂർ പഞ്ചായത്ത് രണ്ടാം വാർഡ് അംഗം ആതിരയും അച്ഛൻ ജയദേവനും സഹോദരൻ അരുൺദേവും ചേർന്നാണ് ബന്ധുവായ യുവാവിനെ ആക്രമിച്ചത്. വെള്ളായണി തെന്നൂർ രാധികാഭവനിൽ രാജേഷ്കുമാറി (32)നാണ് പരിക്കേറ്റത്. ശനി രാത്രി ഒന്നോടെയാണ് സംഭവം. പുന്നമൂട്ടിലെ പച്ചക്കറി കടയിലെ ജീവനക്കാരനായ രാജേഷ്കുമാർ വീട്ടിലേയ്ക്ക് വരവെ ആതിരയുടെ വീട്ടിലെ പട്ടി നേരെ കുരച്ചുചാടി. രാജേഷ് കുമാർ പട്ടിയെ ഓടിച്ചപ്പോൾ ആതിരയുടെ അച്ഛൻ ജയദേവൻ അസഭ്യംപറഞ്ഞ് കൈയിൽ കമ്പി വടികൊണ്ട് അടിച്ചു. ഇവർ തമ്മിൽ വാക്കുതർക്കമുണ്ടായശേഷം രാജേഷ് വീട്ടിലേക്ക് പോയി.

വെട്ടേറ്റ രാജേഷ്കുമാർ

വീടിന് മുന്നിലെത്തിയപ്പോൾ സുഹൃത്ത് സജിത്തിന്റെ വീടിന്റെ ജനാല പൊട്ടുന്ന ശബ്ദം കേട്ട് തിരിച്ചുവന്നു. ഇവിടെവച്ച് ജയദേവനും മകൻ അരുൺദേവും ആതിരയും ചേർന്ന് ആക്രമിച്ചുവെന്നാണ് പരാതി.

അരുൺദേവ് വെട്ടുകത്തികൊണ്ട് തലയിൽ വെട്ടി. ചോരയിൽ കുളിച്ചു കിടന്ന രാജേഷ് കുമാറിനെ പ്രദേശവാസികളാണ് ആശുപത്രിയിൽ എത്തിച്ചത്. യുവാവിന്റെ മൊഴിയിൽ നേമം പൊലീസ് പ്രതികൾക്കെതിരെ വധശ്രമത്തിന് കേസെടുത്തു.

വി സിന്ധുമോൾക്ക് നഴ്സസ് അവാർഡ്

തിരുവനന്തപുരം

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സ്തുത്യർഹ സേവനം കാഴ്ചവച്ച നഴ്സുമാർക്കുള്ള സംസ്ഥാനതല അവാർഡ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജനറൽ നഴ്സിങ് വിഭാഗത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സീനിയർ നഴ്സിങ് ഓഫീസർ വി സിന്ധുമോൾക്ക്. സംസ്ഥാനത്തെ മികച്ച നഴ്സിനുള്ള സിസ്റ്റർ ലിനി പുതുശേരി അവാർഡാണ് സിന്ധു മോൾക്ക് ലഭിച്ചത്. സംസ്ഥാനതല നഴ്സസ് ദിനാഘോഷങ്ങളുടെ ഭാഗമായി മന്ത്രി വീണാ ജോർജ് അവാർഡുകൾ വിതരണം ചെയ്തു.

ആതുര ശുശ്രൂഷാ രംഗത്ത് 20 വർഷത്തെ സേവന പരിചയമുണ്ട് സിന്ധുവിന്. 2003 ഒക്ടോബർ 24 ന് ജനറൽ ആശുപത്രിയിൽ സ്റ്റാഫ് നഴ്സായി ജോലിയിൽ പ്രവേശിച്ച സിന്ധുമോൾ ഡിസംബർ 15 നാണ് മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിയത്. നിലവിൽ ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ വിഭാഗത്തിലാണ് പ്രവർത്തിക്കുന്നത്.

ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാനതല സെലക്ഷൻ കമ്മിറ്റിയാണ് നഴ്സുമാരെ അവാർഡിനായി തെരഞ്ഞെടുത്തത്.

ആർ ഭുവനേന്ദ്രൻ നായരുടെയും ഡി വിജയമ്മയുടെയും മകളായ സിന്ധുമോൾ പൗഡിക്കോണം പുതുകുന്ന് തിരുവാതിരയിലാണ് താമസം. മണക്കാട് ഓക്സ്ഫോർഡ് സ്കൂളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം ബിജു ഭർത്താവാണ്. മക്കൾ: അനന്യ, അനീന.

■ കാട്ടാക്കട താലൂക്ക് അദാലത്ത്

831 അപേക്ഷ തീർപ്പാക്കി

തിരുവനന്തപുരം

സാധാരണക്കാർക്ക് കരുതലായി കാട്ടാക്കട താലൂക്ക് അദാലത്ത്. 831 അപേക്ഷ തീർപ്പാക്കി. ഓൺലൈൻ ആയി 1713 അപേക്ഷ ലഭിച്ചു. വ്യാഴാഴ്ചമാത്രം 1459 അപേക്ഷയും കിട്ടി. ഇവ അതത് വകുപ്പുകൾക്ക് കൈമാറി. 15 ദിവസത്തിനകം തീർപ്പാക്കാൻ മന്ത്രിമാർ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. തദ്ദേശ വകുപ്പുമായി ബന്ധപ്പെട്ട് 471 പരാതികൾ, താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട 170, സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് 100, നെടുമങ്ങാട് ആർഡിഒയുമായി ബന്ധപ്പെട്ട് 45 പരാതി എന്നിങ്ങനെ തീർപ്പാക്കി. 13 അപേക്ഷയാണ് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസുമായി ബന്ധപ്പെട്ട് പരിഹരിച്ചു.

കാട്ടാക്കട താലൂക്ക് അദാലത്ത് മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യുന്നു

പട്ടികവർഗ വികസനവകുപ്പ്– 9, എഡിഎം–6, കെഎസ്ഇബി–5, ജലസേചനം–3 മൂന്ന് അപേക്ഷകളും പരിഹരിച്ചു. ആരോഗ്യം, വനം, സാമൂഹ്യനീതി, റവന്യൂ, മൃഗ സംരക്ഷണം, വ്യവസായം, മലിനീകരണ നിയന്ത്രണ ബോർഡ്, ഫിഷറീസ്, പട്ടികജാതി തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട ഓരോ അപേക്ഷകൾ വീതം തീർപ്പാക്കി.

മന്ത്രി ജി ആർ അനിൽ അദാലത്ത് ഉദ്ഘാടനം ചെയ്തു. വർഷങ്ങളായി വിവിധ വകുപ്പുകളിൽ കെട്ടിക്കിടന്ന പതിനായിരക്കണക്കിന് അപേക്ഷകളും പരാതികളും സമയബന്ധിതമായി പരിഹരിക്കാൻ കഴിഞ്ഞതായി മന്ത്രി പറഞ്ഞു. ജി സ്റ്റീഫൻ എംഎൽഎ അധ്യക്ഷനായി. മന്ത്രി ആന്റണി രാജു, മന്ത്രി വി ശിവൻകുട്ടി, എംഎൽഎമാരായ സി കെ ഹരീന്ദ്രൻ, ഐ ബി സതീഷ്, കലക്ടർ ജെറോമിക് ജോർജ്, എഡിഎം ജെ അനിൽ ജോസ്, സബ് കലക്ടർ അശ്വതി ശ്രീനിവാസ് തുടങ്ങിയവർ പങ്കെടുത്തു.

അദാലത്തിന്റെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടാത്ത 521 അപേക്ഷകളും നിരസിച്ച 361 അപേക്ഷകളുമുണ്ടായി. താനൂർ ബോട്ട് ദുരന്തത്തെ തുടർന്ന് മാറ്റിവെച്ച ചിറയിൻകീഴ് താലൂക്ക് തല അദാലത്ത് 16ന് നടക്കും.

BSc NURSING
(INC, KNC, RUGHS APPROVED
19 വർഷത്തെ സേവന പാരമ്പര്യമുള്ള ബാഗ്ലൂരിലെ PRAGATHI കോളേജ് ഓഫ് നഴ്സിംഗിൽ അഡ്മിഷൻ നേടാം
കോളേജ് കാണുവാൻ QR കോഡ് സ്കാൻ ചെയ്യുക
താമസം , ഭക്ഷണം ഉൾപ്പടെ പ്രതിവർഷം1,50,000/-മാത്രം
Promise EDUCATIONAL SERVICES
FOR SPOT അഡ്മിഷൻ 9747100333 / 9745177728

WANTED
RELATIONSHIP MANAGERS
Age: 30-50 (M/F), Salary: 360,000 (PA)
Job Role: Insurance Sales, Advisor Recruitment, Training & Development
സെയിൽസ് മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തിപരിചയം നിർബന്ധം
PROFICIENT THE INSURANCE EXPERT
MG Road, Thrissur - 680004
0487 299 5988
9633 988 988
Send your CV to hr@theproficient.in

Oushadhi The Pharmaceutical Corporation (I.M.) Kerala Ltd. (A Govt. of Kerala Undertaking)
Kuttanellur, Thrissur-14. Ph: 0487- 2459800
E2-75/23 **BID NOTIFICATION** 10/05/2023
Accredited agencies having capability to **execute works directly** using their own in-house infrastructure facilities and manpower as per G.O. (P) No. 67/2021/Fin dated 28-04-2021 are requested to submit their competitive offer on centage charges (in percentage) excluding applicable GST as Non Project Management Consultant for the below mentioned work.

Name of work	Modernization of Main Plant, Administration Building, PM Stores and Fire Fighting works
Time of Completion	180 days
PAC/ Estimated Amount	13.54 Cr (Including GST)
Last date and time of submission of tender form	19-05-2023, 3.00 pm

For more details visit **www.oushadhi.org**. The offer along with bid form attached shall be duly filled and submitted in sealed cover superscribing the name of work addressed to: **The Managing Director, The Pharmaceutical Corporation (IM) Kerala Ltd., Oushadhi, Kuttanellur, Thrissur-680014.**
(Sd/-) Managing Director

KERALA MEDICAL SERVICES CORPORATION LTD
(DEPARTMENT OF HEALTH & FAMILY WELFARE, GOVT. OF KERALA)
Head Office : Thycaud, Thiruvananthapuram-14,
(Telephone No. 0471-2945600, 2945646)
E-mail : edrugs.kmscl@kerala.gov.in,
website : www.kmscl.kerala.gov.in, CIN No. U24233KL2007SGC021616
No.KMSCL/ED/11/2023 Date : 10.05.2023
RE-TENDER NOTICE
Online bids are invited from manufacturers/direct importers / loan licensees on behalf of Department of Health, Govt of Kerala for the procurement of following categories of drugs / supplies for the year 2023-24.

Sl. No.	Tender No. and Date	Category	No. of Items
1.	KMSCL/ED/I&II/RT/2023/008 dtd. 10.05.2023	Drugs	71
2.	KMSCL/ED/III-VIII/RT/2023/009 dtd. 10.05.2023	Consumables & Surgical items	34
3.	KMSCL/ED/SPL/RT/2023/010 dtd. 10.05.2023	Specialty Drugs	65

Schedule of dates

	Date	Time
Last date of online uploading of tenders	23.05.2023	Up to 05.00pm.
Date of technical bid opening	27.05.2023	11.00 am. onwards

Tenders shall be downloaded and submitted online through the e-tender portal **www.etenders.kerala.gov.in**.
(Sd/-) MANAGING DIRECTOR (Tender Inviting Authority)

വൃക്ക ആവശ്യമുണ്ട്
A+ ഗ്രൂപ്പിൽപ്പെട്ട വൃക്ക ആവശ്യമുണ്ട്
contact No.
9447110572
8921382456

2-ാം ചരമവാർഷികം
(12-05-2023)

എസ്. അനിരുദ്ധൻ
(മുൻ വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)
സരസ്വതിവിലാസം, വഴയില, പേരൂർക്കട പി.ഒ
ദുഃഖിതരായ ബന്ധുമിത്രാദികൾ